"ഭരണഭാഷ-മാതൃഭാഷ"

By mail
27/08
B2/53.E

കേരള സർക്കാർ

<u>സംഗ്രഹം</u>

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്- വി.സി-05/2019 റ്റി.വി.എം നമ്പർ കേസിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷനിലായിരുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.എം.ദിനേശ് ശങ്കറിനെ സർവ്വീസിൽ തിരിച്ചെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ്

സ.ഉ. (സാധാ) നം.401/2021/മ.തു.വ. തീയതി, തിരുവനന്തപുരം, 27/08/2021

---

പരാമർശം:- 1) സ.ഉ. (സാധാ) നം. 449/2019/മ.തു.വ. തീയതി, 24/06/2019

2) സ.ഉ.(കൈ) നം.25/2021/മ.തു.വ. തീയതി, 08/02/2021

3) 16/12/2020 ൽ കൂടിയ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി മീറ്റിംഗിന്റെ മിനുട്സ്.

4) സ.ഉ. (സാധാ) നം.144/2021/മ.തു.വ. തീയതി, 26/02/2021.

5) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 03.05.2021 ലെ ബി2/192/2021/സി.ഇ.നമ്പർ കത്ത്.

6) സ.ഉ. (സാധാ) നം.368/2021/മ.തു.വ. തീയതി, 01/08/2021

<u>ഉത്തരവ്</u>

1988 ലെ അഴിമതി നിരോധന നിയമം/വകുപ്പ് പ്രകാരം 03/06/2019 ന് അറസ്റ്റ് ചെയ്യുകയും വി.സി-05/2019 റ്റി.വി.എം നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം സസ്പെൻഷനിലായിരുന്ന ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.എം.ദിനേശ് ശങ്കറിനെതിരെയുള്ള കേസിൽ അന്വേഷണം പൂർത്തിയാക്കി ടിയാനെ വിചാരണ ചെയ്യുന്നതിനുള്ള പ്രോസിക്യൂഷൻ അനുമതി പരാമർശം (2) പ്രകാരം നൽകുകയുണ്ടായി.

2) കേസിൽ അന്വേഷണം പൂർത്തിയാക്കിയ സാഹചര്യത്തിൽ, പരാമർശം (3) ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ.എം.ദിനേശ് ശങ്കറിനെ സർവ്വീസിൽ തിരിച്ചെടുത്ത്, തിരുവനന്തപുരം ജില്ലയ്ക്ക് പുറത്ത് നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

3) തിരുവനന്തപുരം ജില്ലയ്ക്ക് പുറത്ത് ഒഴിവ് ഇല്ലാതിരുന്നതിനാലും എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതുവഴി എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ

എറണാകുളം ഡിവിഷനിൽ ഒരു ഒഴിവുണ്ടാകുമെന്നതിനാലും ശ്രീ.ദിനേശ് ശങ്കറിനെ ടി ഒഴിവിൽ നിയമിക്കാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ചീഫ് എൻജിനീയർ ശിപാർശ ചെയ്യുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പ് എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.വിജി. കെ. തട്ടാമ്പുറത്തിന് സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ചതുവഴി ഉണ്ടായിട്ടുള്ള ഒഴിവിലേക്ക് സസ്പെൻഷനിലായിരുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.എം.ദിനേശ് ശങ്കറിനെ വി.സി-05/2019 റ്റി.വി.എം നമ്പർ കേസിലെ അന്തിമ വിധിക്ക് വിധേയമായി താത്കാലികമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമേഷ്.റ്റി,
അഡീഷണൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
ശ്രീ.എം.ദിനേശ് ശങ്കർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Shaibz

സെക്ഷൻ ഓഫീസർ